# ‘ദൈവഭയമുള്ളവരാകുക’

## സഭാപ്രസംഗി 12:13

“എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു”.

ഇന്നത്തെ തലമുറ ദൈവഭയമില്ലാത്തവരായി തീർന്നിരിക്കുന്നു. ഭയം വേണമെങ്കിൽ ദൈവസ്നേഹം ഹൃദയത്തിനുള്ളിൽ വേണം. നമ്മിൽ പലരും ദൈവത്തെ ഭയക്കുന്നവരല്ല, വരാവുന്ന അപകടങ്ങളെക്കുറിച്ച് മാത്രം ഭയപ്പെടുന്നവർ. ഇന്നു മനുഷ്യർക്കു വേണ്ടത് താല്ക്കാലികമായ നേട്ടം മാത്രം.

ദൈവത്തെ കൂടാതെ സകലതും നേടി എടുക്കാം എന്നു ചിന്തിക്കുന്ന ഒരു തലമുറയാണ് ഇന്നു ലോകത്തിലുള്ളത്. വിദ്യാഭ്യാസം കൊണ്ടും, ബുദ്ധികൊണ്ടും, കഴിവുകൊണ്ടും ലോകത്തെ വെട്ടിപിടിക്കുവാൻ വെമ്പുന്ന ഒരു ജനതയാണു നമുക്കു ചുറ്റും.

ഇന്നു ദൈവവചനം പഠിക്കുന്നവർ ചുരുക്കം. വേദപുസ്തകം കഴിഞ്ഞ 6000 വർഷത്തെ ചരിത്രം നമ്മുടെ മുമ്പിൽ കാണിച്ചുതരുന്നു. ചില രാജാക്കന്മാരുടെ പേരുപോലും അവർ ജനിക്കുംമുമ്പെ സാധുക്കളായ പ്രവാചകന്മാർ എഴുതിവച്ചു.

പ്രശസ്തിയുടെയും, സമ്പത്തിന്റെയും, അധികാരത്തിന്റെയും കൊടുമുടിയിൽ എത്തിയ രാജാക്കന്മാർക്കു എന്തു സംഭവിച്ചു? അവർ നേടിയതിനെ അടുത്ത തലമുറയ്ക്കു കൈമാറ്റം ചെയ്‌വാൻപോലും പലർക്കും സാധിച്ചില്ല. അവർ നേടിയതുകൊണ്ട് എന്തു ഫലം?

മാഹാനായ അലക്സാണ്ടർ 32-ാം വയസ്സിൽ മരിക്കുമ്പോൾ പറഞ്ഞു: “എന്റെ കൈകളെ ശവപ്പെട്ടിയുടെ പുറത്തിടണം. ഞാൻ പോകുന്നു. യാതൊന്നും ഞാൻ കൊണ്ടു പോകുന്നില്ല. ഞാൻ വെറുംകൈയായി മടങ്ങിപോകുന്നു.”

**“Bury my body & keep my hands outside, so that the world knows the man who won the world had nothing in hands when he left.”**

എന്താണു നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം? എല്ലാറ്റിന്റെയും സാരം എന്തെന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോനു ദൈവം വെളിപ്പെടുത്തി കൊടുത്തു.

“ദൈവത്തെ ഭയപ്പെട്ടു, അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക. അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടത്”.

ദൈവത്തെ ഭയപ്പെട്ടു, അവനെ പ്രസാദിപ്പിച്ചു ജീവിക്കുക. ഇതായിരിക്കട്ടെ നമ്മുടെ ജീവിത ലക്ഷ്യം.

**പരാമർശം :**

**എബ്രായർ 12:28**

ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദംവരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക.

**സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 007**